# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ -769 | | 14.01.2021 ലെ മറുപടിയ്ക്ക് | |
|---|---|---|---|
| **മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കോളനികളുടെ നവീകരണം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| ശ്രീ. എൽദോ എബ്രഹാം | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ ഏതൊക്കെ കോളനികളുടെ നവീകരണത്തിനാണ് തുക അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും അറിയിക്കാമോ; | (എ) | അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2016-17 ൽ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നിന്നും കാടൻപാറ കൊള്ളിക്കാട്ടുശ്ശേരി കോളനിയെയും 2019-20 സാമ്പത്തിക വർഷം ചെങ്ങറ കോളനിയെയും തെരഞ്ഞെടുത്തിട്ടുണ്ട്. കാടൻപാറ കൊള്ളിക്കാട്ടുശ്ശേരി കോളനിയുടെ നവീകരണത്തിനായി 1 കോടി രൂപയും ചെങ്ങറ കോളനിയുടെ നവീകരണത്തിനായി 50 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.<br>പട്ടികവർഗ്ഗ കോളനികളൊന്നും തെരഞ്ഞെടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികളിലൂടെ കോളനികളിൽ എന്തൊക്കെ സേവനങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ? | (ബി) | കാടൻപാറ കൊള്ളിക്കാട്ടുശ്ശേരി കോളനിയിൽ താഴെപറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്<br>• പമ്പ് ഹൗസ് നവീകരണം, ഇലക്ട്രിഫിക്കേഷൻ, കിണറിന് ആഴം കൂട്ടൽ<br>• പുതിയ വാട്ടർ ടാങ്ക് നിർമ്മാണം<br>• റോഡ് കോൺക്രീറ്റിംഗ്<br>• കുടിവെള്ള വിതരണം<br>• ഭവന പുനരുദ്ധാരണം (30 പേർക്ക്)<br>ചെങ്ങറ കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ